## പ്രധാനവാർത്തകൾ

1) മഹാകുംഭമേള സംബന്ധിച്ച് ലോക്സഭയിൽ പ്രസ്താവന നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. സഭയിൽ പ്രതിഷേധമുയർത്തി പ്രതിപക്ഷം. ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.
2) ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്.
3) കണ്ണൂർ വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ
4) ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൊഴി കൊടുക്കാൻ താല്പര്യമില്ലാത്തവരെ ഇതിനായി നിർബന്ധിക്കരുതെന്ന് ഹൈക്കോടതി
5) മയക്കുമരുന്നിനെതിരായ പരിശോധന സംസ്ഥാനത്ത് ശക്തമായി തുടരുന്നു. 212 പേരെ അറസ്റ്റ് ചെയ്യതായി പോലീസ്.

.

&&&&&&&&&&&&&&&&&&

ലോക്സഭ പി എം-മഹാ കുംഭമേള

PNU TVPM

മഹാകുംഭമേള സംബന്ധിച്ച് ലോക്സഭയിൽ പ്രസ്താവന നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയുടെ ആത്മാവിനെ മേള പ്രതിഫലിപ്പിച്ചതായി പറഞ്ഞ പ്രധാനമന്ത്രി ലോകം മുഴുവൻ ഇതിലൂടെ രാജ്യത്തിന്റെ ശക്തിക്ക് സാക്ഷ്യം വഹിച്ചതായും ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ ഐക്യവും, നാനാത്വത്തിൽ ഏകത്വം എന്ന സവിശേഷതയും മഹാ കുംഭമേളയിൽ ദൃശ്യമായതായും അദ്ദേഹം പറഞ്ഞു. എന്നാൽ ഏത് ചട്ടപ്രകാരമാണ് പ്രധാനമന്ത്രിക്ക് പ്രസ്താവന നടത്താൻ അനുമതി നൽകിയതെന്ന് ആരാഞ്ഞ് പ്രതിപക്ഷം സഭയിൽ പ്രതിഷേധിച്ചു. കുംഭമേളയ്ക്കിടെ തിക്കും തിരക്കിലുംപെട്ട് ആളുകൾ മരിക്കാനിടയായ സംഭവം പ്രസ്താവനയിൽ ഉൾപ്പെടുത്തണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. തുടർന്ന് ഒരു മണി വരെ നിർത്തി വച്ച സഭ വീണ്ടും ചേർന്നെങ്കിലും പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. മണിപ്പൂർ ബജറ്റ് സംബന്ധിച്ച ചർച്ചകൾക്ക് ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് രാജ്യസഭയിൽ മറുപടി നൽകി. മണിപ്പൂരിൽ സമാധാനം പുനസ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി വ്യക്തമാക്കി. ആരോഗ്യ മന്ത്രാലയത്തിൻറെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ചയും രാജ്യസഭയിൽ ഇന്ന് നടന്നു.

RNU TVPM

&&&&&&&&&&&&&&&&&&&

**അടിയന്തര പ്രമേയം ഇൻട്രോ**

ഇടുക്കി പരുന്തുംപാറയിലേതടക്കമുള്ള ഭൂമി കൈയേറ്റങ്ങൾ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്. ഭൂമി കൈയേറ്റം മലയോര ജനതയിൽ ആശങ്ക സൃഷ്ടിക്കുന്നതായി ചൂണ്ടിക്കാട്ടി പ്രതിപക്ഷത്ത് നിന്ന് മാത്യു കുഴൽനാടൻ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. ഭൂമികയ്യേറ്റത്തിന് പിന്നിൽ വലിയൊരു ലോബി പ്രവർത്തിക്കുന്നതായും, ഭൂമി കൈയേറ്റങ്ങൾക്ക് ഉദ്യോഗസ്ഥർ കൂട്ട് നിൽക്കുകയാണെന്നും പ്രതിപക്ഷം ആരോപിച്ചു. ഭൂമി കൈയേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിക്കുന്നതെന്ന് റെവന്യു മന്ത്രി കെ രാജൻ മറുപടി നൽകി. ചൊക്രമുടി, പരുന്തുംപാറ കയ്യേറ്റങ്ങളിൽ സ്വീകരിച്ച നടപടി ഈ നിലപാട് വ്യക്തമാക്കുന്നതായും മന്ത്രി പറഞ്ഞു.
(ഹോൾഡ്)
മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സ്പീക്കർ ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി - സബ്മിഷൻ**

കണ്ണൂർ വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ഈ മാസം യോഗം ചേരുമെന്നും പ്രതിപക്ഷനേതാവ് വി. ഡി സതീശൻറെയും,

RNU TVPM

കെ.വി. സുമേഷ് എംഎൽഎയുടെയും സബ്മിഷന് മറുപടിയായി മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു. വിമാനത്താവളത്തിന്റെ റൺവേ എക്സ്റ്റൻഷനും, പുനരധിവാസത്തിനുമായി കണ്ണൂർ ജില്ലാ കളക്ടർ സമർപ്പിച്ച 900 കോടി രൂപയുടെ നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.പ്രവാസി മലയാളികൾക്കും, കുടുംബാംഗങ്ങൾക്കുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും മറ്റൊരു സബ്മിഷന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

നിയമസഭ

സംസ്ഥാനത്ത് നിലവിൽ ട്രഷറി നിയന്ത്രണമില്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. 25 ലക്ഷത്തിന് മുകളിലുള്ള ചെക്കുകൾ മാറുന്നതിന് നേരത്തെ ഏർപ്പെടുത്തിയ നിയന്ത്രണം മാത്രമാണ് നിലവിൽ ഉള്ളതെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു. വിഴിഞ്ഞം തുറമുഖ പദ്ധതി 2028 ഓടെ പൂർണ തോതിൽ പ്രവർത്തന സജ്ജമാകുമെന്ന് മന്ത്രി വി എൻ വാസവൻ സഭയെ അറിയിച്ചു. തുറമുഖവുമായി ബന്ധിപ്പിക്കുന്ന റെയിൽപാത പദ്ധതിക്ക് റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതായും ഇതിനായി 5.52 ഹെക്ടർ ഭൂമി

ഏറ്റെടുക്കുമെന്നും മന്ത്രി ചോദ്യോത്തരവേളയിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**ഹേമ കമ്മിറ്റി-ഹൈക്കോടതി**

സിനിമ മേഖലയിലെ വനിതകൾ നേരിടുന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൊഴി കൊടുക്കാൻ താല്പര്യമില്ലാത്തവരെ ഇതിനായി നിർബന്ധിക്കരുതെന്ന് ഹൈക്കോടതി. ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണ ടീമിൻ്റെ നോട്ടീസ് ലഭിച്ചവർക്ക് മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരായി മൊഴി നൽകാം. താല്പര്യമില്ലെങ്കിൽ അക്കാര്യവും മജിസ്ട്രേറ്റ് കോടതിയെ അറിയിക്കാമെന്ന് ഹൈക്കോടതി വ്യക്തമാക്കി. അന്വേഷണത്തിന്റെ പേരിൽ ആരെയെങ്കിലും ബുദ്ധിമുട്ടിക്കുന്നുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽ പ്പെടുത്താമെന്നും ഹൈക്കോടതി അറിയിച്ചു. മൊഴി നൽകാൻ നിർബന്ധിക്കുന്നുവെന്ന പരാതി ഉയർന്നതിൻ്റെ പശ്ചാത്തലത്തിലാണ് ഹൈക്കോടതിയുടെ ഇടപെടൽ.

&&&&&&&&&&&&&&&&&&

**തിരുവിതാംകൂർ ദേവസ്വം ബോർഡ്-ഹൈക്കോടതി**

RNUTVPM

കൊല്ലം കടയ്ക്കൽ ദേവീക്ഷേത്രത്തിൽ വിപ്ലവഗാനം ആലപിച്ച സംഭവത്തെക്കുറിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒരാഴ്ചയ്ക്കകം സത്യവാങ് മൂലം സമർപ്പിക്കണമെന്ന് ഹൈക്കോടതി . ക്ഷേത്രോത്സവങ്ങൾ ഭക്തരുടെ കൂട്ടായ്മയാണെന്നും, ക്ഷേത്ര ഉപദേശക സമിതി അംഗങ്ങൾ വിശ്വാസികൾ ആയിരിക്കണമെന്നും ഇത് സംബന്ധിച്ച ഹർജികൾ പരിഗണിച്ചുകൊണ്ട് കോടതി വ്യക്തമാക്കി.

സംഭവത്തിൽ അന്വേഷണം നടത്താൻ ചീഫ് വിജിലൻസ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ക്ഷേത്ര ഉപദേശക സമിതിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് ഹൈക്കോടതിയെ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

## കുഞ്ഞിനെ കൊലപ്പെടുത്തി

കണ്ണൂർ പാപ്പിനിശ്ശേരി പാറക്കലിലെ നാല് മാസം പ്രായമായ കുഞ്ഞിനെ കൊലപ്പെടുത്തിയത് ബന്ധുവായ 12കാരിയാണെന്ന് പോലീസ് സ്ഥിരീകരിച്ചു. തമിഴ്നാട് സ്വദേശികളായ മുത്തു - അക്കമ്മൽ ദമ്പതികളുടെ മകളെയാണ് ഇന്ന് രാവിലെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. മുത്തുവിൻ്റെ സഹോദരൻ്റെ മകളാണ് കുഞ്ഞിനെ കൊലപ്പെടുത്തിയത്. തന്നോടുള്ള സ്നേഹം കുറയുമോയെന്ന് പെൺകുട്ടി ആശങ്കപ്പെട്ടിരുന്നതായി പോലീസ് പറഞ്ഞു. മാതാപിതാക്കളില്ലാത്ത 12

വയസുകാരി മുത്തുവിനും ഭാര്യക്കുമൊപ്പമാണ് താമസിച്ചിരുന്നത്.

&&&&&&&&&&&&&&&&&&

## ഓപ്പറേഷൻ ഡി-ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 2,994 പേരെ പരിശോധിച്ചതായി പോലീസ്. വിവിധതരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 203 കേസുകൾ രജിസ്റ്റർ ചെയ്തു. 212 പേരെ അറസ്റ്റ് ചെയ്തതായും പോലീസ് വ്യക്തമാക്കി. ഇവരിൽ നിന്ന് എം.ഡി.എം.എ , കഞ്ചാവ്, എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

RNUTVPM

&&&&&&&&&&&&&&&&&&

## കളക്ടറേറ്റ് - തേനീച്ച

തിരുവനന്തപുരം കലക്ടറേറ്റിൽ തേനീച്ച ആക്രമണത്തിൽ നിരവധിപ്പേർക്ക് പരിക്ക്. കലക്ടറേറ്റിൽ ബോംബ് വച്ചിട്ടുണ്ടെന്ന ഭീഷണി സന്ദേശം ലഭിച്ചതിനെ തുടർന്ന് നടത്തിയ പരിശോധനക്കിടെയാണ് തേനീച്ചകളുടെ ആക്രമണമുണ്ടായത്. കലക്ടറേറ്റ് ജീവനക്കാരും മാധ്യമപ്രവർത്തകരും ഉൾപ്പെടെയുള്ളവർക്ക് തേനീച്ചകളുടെ കുത്തേറ്റു. ഒരാളുടെ നില ഗുരുതരമാണെന്നാണ് ലഭിക്കുന്ന

വിവരം. എഴുപതിലധികം പേർ ആശുപത്രിയിൽ ചികിത്സ തേടി.

&&&&&&&&&&&&&&&&&&

**കോട്ടയം ഡിഎഫ്ഒ**

ഇടുക്കി വണ്ടിപ്പെരിയാർ ഗ്രാമ്പിയിൽ, വനംവകുപ്പ് ദൗത്യത്തിനിടെ ചത്ത കടുവയുടെ തലയിൽ രണ്ടു വെടിയേറ്റിരുന്നതായി കോട്ടയം ഡിഎഫ്ഒ എൻ രാജേഷ്. കടുവയുടെ നെഞ്ചിന്റെ ഭാഗത്ത് ആഴത്തിൽ മുറിവേറ്റിരുന്നതായും, ഇത് ഇര പിടിക്കുന്നതിനിടെ മറ്റൊരു മൃഗത്തിന്റെ കുത്തേറ്റതാകാമെന്നും ഡിഎഫ്ഒ പറഞ്ഞു. മയക്കുവെടി വയ്ക്കുന്നതിനിടെ ഇന്നലെ അക്രമാസക്തനായ കടുവയ്ക്ക് നേരെ ദൗത്യസംഘം വെടിയുതിർക്കുകയായിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി – നാടാർ**

സാമൂഹിക പരിഷ്കർത്താവ് അയ്യാ വൈകുണ്ഠ സ്വാമികൾക്ക് സ്മൃതി മന്ദിരം നിർമ്മിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഈ ആവശ്യം ഉന്നയിച്ച് സമീപിച്ച നാടാർ സംയുക്ത സമിതി ഭാരവാഹികളോടാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

**കെ.സുരേന്ദ്രൻ**

തിരുവനന്തപുരത്ത് സമരം ചെയ്യുന്ന ആശാവർക്കർമാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഈ മാസം 27,28 തീയതികളിൽ രാപ്പകൽ സമരം നടത്തുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. ആശവർക്കർമാരുടെ സമരത്തെ തകർക്കാൻ സർക്കാർ ശ്രമിക്കുന്നതായും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ ആരോപിച്ചു.

&&&&&&&&&&&&&&&&&&

RNUTVPM

**കോട്ടയം-പാർട്ട്ടൈം കറസ്പോണ്ടന്റ്**

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **prasarbharati.gov.in/pbvacancies** സന്ദർശിക്കുക. മേയ് 30 ആണ് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി.

&&&&&&&&&&&&&&&&&&

**ഇടുക്കി - മഴ (ഇൻട്രോ)**

കനത്ത ചൂടിന് ആശ്വാസം പകർന്ന് ഇടുക്കിയിൽ പരക്കെ മഴ . കാത്തിരിപ്പിനൊടുവിൽ എത്തിയ മഴ കാർഷിക മേഖലക്ക് ആശ്വാസമായി. വൈദ്യുതി വകുപ്പും മഴയെ പ്രതീക്ഷയോടെയാണ് നോക്കികാണുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........

(ഹോൾഡ് - വോയിസ്)

&&&&&&&&&&&&&&&&&&

**ഇടിമിന്നൽ ജാഗ്രതാ നിർദേശം**

സംസ്ഥാനത്ത് അടുത്ത 5 ദിവസം ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലിൻറെ അപകട സാധ്യത കണക്കിലെടുത്ത്, കാർമേഘം കണ്ടുതുടങ്ങുമ്പോൾ മുതൽ പൊതുജനങ്ങൾ മുൻകരുതൽ പാലിക്കണമെന്നാണ് ജാഗ്രതാ നിർദ്ദേശം.

&&&&&&&&&&&&&&&&&&

**വെടിക്കെട്ട് -അനുമതി നിഷേധിച്ചു**

തൃശൂർ ചേലക്കര അന്തിമഹാകാളൻ കാവ് വേലയോടനുബന്ധിച്ച് മാർച്ച് 22, 23 തിയതികളിൽ നടത്താനിരുന്ന വെടിക്കെട്ട് പ്രദർശനത്തിന് ജില്ലാഭരണകൂടം അനുമതി

RNU TVPM

നിഷേധിച്ചു. പൊതുജനങ്ങളുടെ സുരക്ഷ മുൻനിർത്തി വെടിക്കെട്ടിന് അനുമതി നൽകേണ്ടതില്ലെന്ന് ജില്ലാ പൊലീസ് മേധാവിയും അറിയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM